

## സഹയാത്രികർ

■ അബൂഫിദൽ

# അൻവർ റഷീദിന്റെ വീടിന്റെ അകം

**ഇരുളും** മഞ്ഞും ചേർന്ന് ആകാശത്തിന്റെ അടയാളങ്ങൾപോലും മായ്ച്ചുകളഞ്ഞ രാത്രിയിൽ അൻവർ റഷീദ് ഏണിവഴി പുരപ്പുറത്തേക്ക് കയറി.

പുരപ്പുറത്തിരിക്കുമ്പോൾ റോഡും വീടുമായുള്ള അകലം തീരെ കുറഞ്ഞതുപോലെ. റോഡിന്റെ താഴ്ഭാഗത്താണ് വീട്. റോഡിൽനിന്ന് ആരെങ്കിലും എന്തെങ്കിലും വലിച്ചെറിഞ്ഞാൽ മേൽക്കൂരയിൽത്തന്നെ വീഴും.

ഇന്ന് പൊട്ടിയിരിക്കുന്നത് റോഡിനോട് ചേർന്നുള്ള ഭാഗത്തെ ഓടുകളാണ്. രണ്ടു തവണ കല്ല് വന്നുവീഴുന്ന ശബ്ദം അയാൾകേട്ടു. തൊഴുത്തിന്റെ ഇറമ്പിൽ നിന്നു പൊളിച്ചെടുത്ത ഓടുകളുമായി അൻവർ റഷീദ് പൊട്ടിയ ഓടുകൾ തെരഞ്ഞ് പുരപ്പുറത്തുകൂടി നടന്നു.

ഇതാദ്യമായല്ല കല്ലേറുണ്ടാകുന്നത്. എവിടെയെങ്കിലും കലാപമോ ഭീകരാക്രമണമോ ഉണ്ടായാൽ അന്നു രാത്രിയിൽ രണ്ടു കല്ലുകളെങ്കിലും അൻവർ റഷീദിന്റെ വീടുമുകളിൽ വീഴും.

അയാൾ പൊട്ടിയ ഓടുകൾ മാറ്റിയിട്ടു. പൊട്ടിയ ഓടുകഷ്ണങ്ങൾ ആർക്കും കാണാനാകാത്തത്ര ദൂരത്തിൽ ഇരുൾക്കയങ്ങളിലേക്ക് വലിച്ചെറിഞ്ഞു.

അയാളുടെ മനസ്സ് നീറി. ആരാണിത് ചെയ്യുന്നത്? രാത്രിയിൽ താൻ കരുതലോടെ ചെയ്യുന്ന ഈ പ്രവൃത്തികൊണ്ട് നിരാശരാകുന്നതാരൊക്കെയാണ്? വീടിന് കല്ലേറുണ്ടായ സംഭവം പുറത്തറിഞ്ഞാൽ ആളുകൾ രണ്ട് ചേരിയായി തിരിഞ്ഞ് ഏറ്റുമുട്ടും. ആരും ഒന്നും അറിയാതിരിക്കട്ടെ.

അശാന്തിയുടെ ഇരുണ്ട രാവുകളിൽ കല്ലുമായെത്തുന്ന രാക്കോലങ്ങളെ കാത്ത് ഉറക്കമൊഴിഞ്ഞിരിക്കേണ്ട ശപിക്കപ്പെട്ട നാളുകൾ എന്നാണൊടുങ്ങുക? ഒരു കാരണവുമില്ലാതെ തനിക്കു വന്നു വീഴുന്ന പേരുകളോർത്ത് അൻവർ റഷീദ് മനംനൊന്ത് ചിരിച്ചു. സദ്ദാം... ലാദൻ....

ഇരുളിലൂടെ ആരോ വേഗം നടന്നു വരുന്നു. അൻവർ റഷീദ് കാതോർത്തു.

" ....ഇവന്റെയൊക്കെ പൊറുതി ഇവിടെയാണെങ്കിലും മനസ്സ് വേലിക്കപ്പുറത്താ. ബോംബേല് നൂറ്റിച്ചില്ലാനം പേരാ മരിച്ചത്. ഇവനൊന്നും ഇവിടെ സുഖിച്ചുറങ്ങേണ്ട."

രണ്ടു കല്ലുകൾകൂടി ഓട് പൊട്ടിച്ച് വീടിനകത്തേക്ക് വീണു.

" .... വീടിന്റെയകത്ത് വല്ല ബോംബും കരുതീട്ടുണ്ടോന്നാർക്കറിയാം?"

സംസാരം അൻവർ റഷീദിന്റെ കാതുകളെ പൊള്ളിച്ച് ഇരുളിൽ അലിഞ്ഞു.

രാവൊടുങ്ങുംമുമ്പ് അൻവർ റഷീദ് വീടുമേഞ്ഞിരുന്ന മുഴുവൻ ഓടുകളും പൊളിച്ച് താഴെയിറക്കി വെച്ചു കഴിഞ്ഞു.

ഭാര്യയും മക്കളും അത്ഭുതത്തോടെ അയാളെ നോക്കി നിന്നു.

നന്നായി വെട്ടം വീണു കഴിഞ്ഞു. ഇപ്പോൾ റോഡിലൂടെ പോകുന്നവർക്ക് അൻവർ റഷീദിന്റെ വീടിന്റെ അകം നന്നായി കാണാൻ കഴിയും.

കെ. ജയചന്ദ്രൻ *ദേശാഭിമാനി* വാരികയിൽ (2009 സെപ്തംബർ 06) എഴുതിയതാണ് ശ്രദ്ധേയമായ ഈ കൊച്ചു കഥ.


വീടിന്റെ മേൽക്കൂരകൾ പൊളിച്ചുമാറ്റിയാലും സംശയത്തിന്റെ ലുക്ക് ഔട്ടിൽ നിന്ന് മുസ്‌ലിമിന് രക്ഷപ്പെടാൻ കഴിയില്ലെന്നതാണ് യാഥാർഥ്യം. വയനാട് മേപ്പാടി കടച്ചിക്കുന്ന് കൊയപ്പത്തൊടി വീട്ടിൽ അബ്ദുൽ കബീറിന്റെ ഗതി ജയചന്ദ്രന്റെ കഥയിലെ അൻവർ റഷീദിന്റേത് തന്നെയാണ്. വിമാനം വളഞ്ഞിട്ട് പിടിച്ചാണ് ഐ.ബിയും *മാതൃഭൂമി* പത്രവും ചേർന്ന് റഷീദിൽ നിന്ന് രാജ്യത്തെ രക്ഷിച്ചത്.

ഇത് വെറും മുസ്‌ലിം വിരോധം എന്നതിലുപരി മറ്റെന്തോ രോഗമാണോ? ഒരുതരം മനോരോഗത്തിന്റെ അവസ്ഥയിലേക്ക് നമ്മുടെ മാധ്യമങ്ങളും പോലീസുദ്യോഗസ്ഥരും എത്തിച്ചേരുകയാണോ? മുസ്‌ലിമിനെ കാണുമ്പോഴേക്ക് ഭയക്കുന്ന മാനസികാവസ്ഥ സൃഷ്ടിച്ചാൽ അത് മുസ്‌ലിംകളെ മാത്രമല്ല, മുസ്‌ലിംകൾക്കിടയിൽ ജീവിക്കുന്ന തങ്ങളെയും ബാധിക്കുമെന്നവർ മനസ്സിലാക്കുന്നില്ലേ?

## എൻ.എസ് മാധവന്റെ ജിഹാദ്

അവളുടെ (സൈറയുടെ) മൃദുവായ കൂർക്കംവലിയെ ഭേദിച്ചു കൊണ്ട് പെട്ടെന്ന് വെടിയൊച്ച പോലത്തെ ഒരു ശബ്ദം കേട്ടു. കുട്ടികൾ കളിക്കുന്നേടത്ത് നോക്കിയപ്പോൾ അവിടെ സലീമിനെ മാത്രമേ കണ്ടുള്ളൂ. അവന്റെ കൈയിൽ ഒരു കുറുവടി, ടി.വിയുടെ മൈക്ക് പോലെ മുഖത്തിനോട് അടുപ്പിച്ച് പിടിച്ചിരുന്നു.

ഒരു കുറ്റിച്ചെടിയുടെ പുറകിൽ നിന്ന് പെട്ടെന്ന് അസീസ് പ്രത്യക്ഷപ്പെട്ടു. അവന്റെ കൈയിൽ അപ്പോൾ ഊതിവീർപ്പിച്ച് പൊട്ടിച്ച ഒരു പേപ്പർ ബാഗുണ്ടായിരുന്നു.



എൻ.എസ് മാധവൻ

സലീം ടി.വി അവതാരകനെപ്പോലെ കുറുവടിയെ നോക്കി പറഞ്ഞു: 'ഇതാ അസീസ് വരുന്നു.' അയാൾക്ക് കൊടുത്ത ചുമതല തോപ്പുംപടി ജംഗ്ഷനായിരുന്നു. 'അസീസ് ബായി, ക്യാ ഖബർ ഹെ?'

'ഛോട്ടാ സർക്കാർ, സബ് ഠീക്ക് ഹെ'.

'തോപ്പുംപടി മെ കിതനാ കോ മാരാ?' സലീം ചോദിച്ചു.

'തോപ്പുംപടിയിൽ ഇത്രയും

പേരെ കൊന്നു'. അവൻ കൊന്ന ഉറുമ്പുകളെ ഓരോന്നായി കയ്യിൽ നിന്ന് നിലത്തിട്ട് എണ്ണാൻ തുടങ്ങി.

'ഒന്ന്, രണ്ട്, മൂന്ന്.........'

കുറുവടിയെ നോക്കി സലീം പറഞ്ഞു: 'അസീസ് ബായി ഇരുപത്തി രണ്ട് പേരെ തോപ്പുംപടിയിൽ കൊന്നു.'

ഠേ യെന്ന് വായ കൊണ്ട് ശബ്ദമുണ്ടാക്കി മറ്റൊരു പൊന്തയുടെ പുറകിൽ നിന്ന് മുസ്തഫ പുറത്ത് വന്നു. അവനും സലീമിന്റെ മുമ്പിൽ ചത്ത ഉറുമ്പുകളെയിട്ടു. സലീം പറഞ്ഞു: 'മുസ്തഫാ ബായി മറൈൻ ഡ്രൈവിൽ മുപ്പതുപേരെ കൊന്നു'

വീണ്ടും വായ കൊണ്ട് ഠേ ശബ്ദം. ഇത്തവണ അൻവർ ആയിരുന്നു കുറ്റിച്ചെടിയുടെ പുറകിൽ നിന്ന് പ്രത്യക്ഷപ്പെട്ടത്. ഉറുമ്പുകളെ എണ്ണിക്കഴിഞ്ഞപ്പോൾ സലീം പറഞ്ഞു: 'നെടുമ്പാശ്ശേരിയിൽ......'

ഞാൻ സൈറയെ നോക്കി. അവൾ എന്നെ നോക്കാതെ ചാടിയെഴുന്നേറ്റ് സലീമിന്റെ അടുത്തേക്ക് ഓടി. അവന്റെ കൈയിൽ നിന്ന് വടി പിടിച്ചു വാങ്ങി അവന്റെ പുറത്ത് അവൾ അടിക്കാൻ തുടങ്ങി. കരച്ചിലും അലർച്ചയും കലർന്ന ശബ്ദത്തിൽ അവൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. കുറുവടി ദൂരെയെറിഞ്ഞ് സൈറ സലീമിന്റെ കവിളുകളിൽ തുടർച്ചയായി അടിച്ചു. അവൻ കൈ കൊണ്ട് തടുക്കാതെ അടികൾ സ്വീകരിച്ചു കൊണ്ടിരുന്നു...... ('കടപ്പുറത്ത് ഒരു സായാഹ്നം', എൻ. എസ് മാധവൻ എഴുതിയ കഥയിൽ നിന്ന്. *മനോരമ* വാർഷികപ്പതിപ്പ് 2009)

കെ. ജയചന്ദ്രന്റെ കഥയിലെ അൻവർ റഷീദിന്റെ വീട്ടിന് കല്ലെറിയുന്ന നാട്ടുകാർ ഒരു പ്രത്യേക തരം മാസ് ഹിസ്റ്റീരിയയാൽ നയിക്കപ്പെടുന്നവരാണെന്ന് സമാധാനിക്കാം. എന്നാൽ എൻ.എസ് മാധവനെപ്പോലുള്ള ഉള്ളുറപ്പുള്ള കഥകൾ കൊണ്ട് പുകൾപെറ്റൊരാൾ അതേ മാനസികാവസ്ഥ പ്രകടിപ്പിച്ചാൽ എന്തായിരിക്കും അവസ്ഥ. *തിരുത്തും മുംബൈ*യും എഴുതിയ എൻ.എസ് മാധവൻ തന്നെയോ ഇത് എന്ന് നമ്മൾ അന്ധാളിച്ചു പോയാൽ കുറ്റം പറയരുത്. കുട്ടികൾ കടപ്പുറത്ത് പോയാൽ പട്ടം പറത്തുകയോ കപ്പലണ്ടി കൊറിക്കുകയോ തിരകളോട് കിന്നാരം പറയുകയോ ചെയ്യും. എന്നാൽ സലീമും അൻവറുമൊക്കെ കടപ്പുറത്ത് എത്തിയാൽ, കളിക്കുന്നത് പോലും ജിഹാദ് കളികളാണ്. വലിയ വിശകലനങ്ങൾക്കും പഠനങ്ങൾക്കും വിധേയമാക്കപ്പെടേണ്ടതാണ് കഥ. എൻ.എസ് മാധവൻ പോലും ഇങ്ങിനെയൊരു അവസ്ഥയിലെത്തുന്ന സാമൂഹിക/മാനസിക യാഥാർഥ്യങ്ങൾ ആഴത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. എന്തു തന്നെയായാലും മാധവൻ അദ്ദേഹത്തിന്റെ തന്നെ ആന്റി ക്ലൈമാക്സ് രചിക്കുകയാണ് ഇപ്പോൾ എന്ന് ചുരുക്കിപ്പറയാം.

## പൊന്നാനിക്കഥ

രാവുണരുവോളം ഇബാദത്തുകളിൽ മുഴുകുവാനായി നാനാ ദിക്കിൽ നിന്നും പഥികർ പൊന്നാനിയിലെ പള്ളിയിൽ നിറഞ്ഞുകവിയുമായിരുന്നു. അജ്ഞാതമായ നാടുകളിൽ നിന്നും പൊന്നാനിയിലെത്തുന്ന ഈ പഥികർക്ക് പള്ളികളിൽ നിന്നു മാത്രമല്ല, തീരത്തെ വീടുകളിൽ നിന്നും ഭക്ഷണം നൽകിയിരുന്നു. അപരിചിതർക്ക് അന്നമൂട്ടുന്നത് പൊന്നാനിക്കാർക്ക് ഒരു പുണ്യകർമം തന്നെയായിരുന്നു.

പറഞ്ഞാലും പറഞ്ഞാലും തീരാത്ത കിസ്സകളാൽ സമൃദ്ധമാണ് പൊന്നാനി. കേരളാ മുസ്‌ലിം മക്ക എന്നറിയപ്പെട്ടിരുന്ന ആ പ്രദേശത്തെക്കുറിച്ച് ധാരാളം ഫീച്ചറുകൾ മുസ്‌ലിം ആനുകാലികങ്ങളിൽ വന്നിട്ടുണ്ട്. എന്നാലും എഴുതിത്തീരാത്ത ഒട്ടേറെ കഥകളുടെ കെട്ടുകൾ പൊന്നാനി എപ്പോഴും തന്നോടൊപ്പം സൂക്ഷിക്കുന്നു. ഇത്തവണ *രിസാല* വാരിക (സെപ്തംബർ 04) കവർ സ്റ്റോറിയാക്കിയിരിക്കുന്നത് പൊന്നാനിയുടെ റമദാൻ വിശേഷങ്ങളാണ്. കെ.എം മുസ്തഫ് എഴുതിയ 'പൊന്നാനിയിലെ പുണ്യ രാവുകൾ' നല്ല വായനാനുഭവമാണ്.

## മില്ലി ഗസറ്റ്

ഇംഗ്ലീഷ് മാധ്യമ രംഗത്ത് ഇന്ത്യൻ മുസ്‌ലിംകളുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരമാണ്. ഇടക്ക് പലരും നടത്തിയ ശ്രമങ്ങൾ തളർന്നു വീണു പോയി. ഈ ശൂന്യതയിൽ ചെറിയൊരു കൈത്തിരിയാണ് ഡൽഹിയിൽ നിന്നിറങ്ങുന്ന *മില്ലി ഗസറ്റ്*. പേര് സൂചിപ്പിക്കുന്നതു പോലെ മുസ്‌ലിം വാർത്തകളും വീക്ഷണങ്ങളുമാണ് ഉള്ളടക്കം. 2000 മുതൽ ടാബ്ലോയ്ഡ് രൂപത്തിൽ ദ്വൈവാരികയായി ഇറങ്ങുന്നു. മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ അധ്യക്ഷനും എഴുത്തുകാരനുമായ സഫറുൽ ഇസ്‌ലാം ഖാൻ ആണ് എഡിറ്റർ (മൗലാനാ വഹീദുദ്ദീൻ ഖാന്റെ മകനാണ് സഫർ). ദക്ഷിണേന്ത്യൻ വാർത്തകളുടെയും വിശകലനങ്ങളുടെയും കമ്മിയുണ്ടായിരുന്നു. അടുത്ത കാലത്തായി അതും പരിഹരിച്ചു വരുന്നു. ഫഹ്മി റഹ്മാനിയുടെ 'കേരളാ റൗണ്ട് അപ്' എന്ന പംക്തി കേരളാ വിശകലനങ്ങൾ ഉൾക്കൊള്ളുന്നു. കഴിഞ്ഞ ലക്കം മുതൽ മില്ലി ഗസറ്റിൽ കളർ പേജുകളും തുടങ്ങിയിരിക്കുന്നു. വെബ് അഡ്രസ്: www.milligazette.com